ഇഹ്സാൻ

# പന്നിപ്പനിയും മരുന്നും അമേരിക്കൻ കുടിലതയും

**ലോകം** ഒരിക്കൽ കൂടി കനത്ത പനിഭീതിയിലാണ്. കഴിഞ്ഞ രണ്ടു വർഷം പക്ഷിപ്പനിയായിരുന്നുവെങ്കിൽ ഇത്തവണ പന്നിപ്പനിയാണെന്നു മാത്രം. പക്ഷിപ്പനി ബാധിച്ച് ലോകത്ത് ഇന്നേവരെ മരിച്ചവരുടെ എണ്ണം നൂറ് തികഞ്ഞുവെന്നും ഇല്ലെന്നും രണ്ട് വാദങ്ങളുണ്ട്. പക്ഷേ ആയിരം ബില്യൻ ഡോളറായിരുന്നു 2005ൽ ഈ പനിപ്പേടിയുടെ മാർക്കറ്റ് മൂല്യം. ടാമി ഫ്ളൂ എന്ന കപട മരുന്നിന് ലോകം നൽകേണ്ടി വന്ന വിലയാണത്. വിയറ്റ്നാമിൽ ഏതാണ്ട് 11 വർഷം മുമ്പ് കണ്ടെത്തിയ രോഗമാണ് ഇതെന്നു കൂടി കൂട്ടത്തിൽ മനസ്സിലാക്കുക. പക്ഷിപ്പനി വെറുമൊരു പനിയല്ലെന്നും അതിന് കൃത്യമായ സാമ്പത്തിക രാഷ്ട്രീയ അജണ്ടകളുണ്ടെന്നും ഉദ്ദേശം രണ്ട് വർഷം മുമ്പ് ഇതേ കോളത്തിൽ എഴുതിയിരുന്നു. ഇന്ത്യയടക്കമുള്ള മൂന്നാംലോകരാജ്യങ്ങൾ അന്ന് ഈ പേടിപ്പനിയുടെ ഇരകളായി മാറുകയും ഒരു ആവശ്യവുമില്ലാതെ കോടിക്കണക്കിന് രൂപയുടെ 'പ്രതിരോധ' മരുന്ന് വാങ്ങിക്കൂട്ടുകയും ചെയ്തു. അമേരിക്കൻ പ്രസിഡന്റ് നേരിട്ടായിരുന്നു ഈ കച്ചവടത്തിന് 'പരസ്യം' നൽകിയത്. ജോർജ് ബുഷ് ഭരണകൂടത്തിലെ രണ്ടാമനായിരുന്ന ഡൊണാൾഡ് റംസ്ഫെൽഡ് ദീർഘകാലം ബോർഡംഗവും ചെയർമാനുമായിരുന്ന, ഇപ്പോഴും സിംഹഭാഗം ഓഹരിയും റംസ്ഫെൽഡ് കുടുംബത്തിന്റെ കൈയിലുള്ള അമേരിക്കൻ കമ്പനിയായ ഗിലേഡ് സയൻസ് ഇന്റർനാഷനൽ സ്വിറ്റ്സർലാന്റിലെ 'റോച്ചെ' മരുന്ന് കമ്പനിക്ക് നടത്തിപ്പും വിൽപ്പനയും പാട്ടത്തിന് നൽകിയ ഈ മരുന്ന് ഇന്ന് ലോകമാർക്കറ്റിൽ അടുത്ത പനിപ്പേടിയുടെ സിദ്ധൗഷധമായി പുനരവതരിച്ചു കഴിഞ്ഞു. പക്ഷേ മരുന്ന് നിർമിക്കാനും വിതരണം ചെയ്യാനുമുള്ള അവകാശം റോച്ചെയിൽ നിന്നും തിരികെ വാങ്ങിയ റംസ്ഫെൽഡിൻെറ കമ്പനിയാണ് ഇക്കുറി ബില്യണുകൾ കൊയ്യുന്നത് എന്നു മാത്രം.

പക്ഷിപ്പനിയാകട്ടെ പന്നിപ്പനിയാകട്ടെ ടാമിഫ്ളൂ ഇവക്കൊന്നിനുമുള്ള മരുന്നേയല്ല എന്നതാണ് വസ്തുത. പനിക്ക് സാധാരണ നൽകുന്ന മരുന്നുകളേക്കാൾ യാതൊരു പുതുമയും ഈ മരുന്നിന് അവകാശപ്പെടാനാവില്ലെന്നാണ് സാങ്കേതിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. പനിബാധയുടെ ദിവസങ്ങൾ കുറച്ചുകൊണ്ടുവരുന്നു എന്നതാണ് ടാമിഫ്ളൂ യഥാർഥത്തിൽ ചെയ്യുന്നത്. ആരംഭകാലത്ത് മനുഷ്യശരീരത്തിൽ ജീവിക്കാൻ കഴിയാതിരുന്ന ഈ വൈറസിനെ അപകടകരമാം വിധം രൂപം മാറ്റുകയാണ് ടാമിഫ്ളൂ ചെയ്തതെന്ന ആരോപണവുമുണ്ട്. പഴയ H5-N1 വൈറസും ഇപ്പോഴത്തെ H1-N1 വൈറസും തമ്മിൽ ഘടനയിൽ നേരിയ മാറ്റങ്ങളേയുള്ളൂ. ഈ വൈറസ് മനുഷ്യശരീരത്തെയും ഒടുവിൽ ആക്രമിക്കാൻ തുടങ്ങിയിരിക്കുന്നു. പക്ഷേ രണ്ടായാലും ടാമിഫ്ളൂ ഈ രോഗത്തിനുള്ള പ്രതിരോധ മരുന്നാണ് എന്നത് നമ്മുടെ കാലത്തെ ഏറ്റവും വലിയ നുണ പ്രചാരണങ്ങളിൽ ഒന്നാണ്. അമേരിക്കൻ മാധ്യമങ്ങൾ തുടങ്ങിവെച്ച ഈ പ്രചാരണവേലയിൽ ഒരിക്കൽ കൂടി ലോകം കുടുങ്ങുകയാണ് ചെയ്യുന്നത്. ഇന്ത്യ കണ്ട ഏറ്റവും അഴിമതിക്കാരനായ മന്ത്രിയെന്ന് ആരോപിക്കപ്പെടുന്ന അൻപുമണി രാംദാസ് പക്ഷിപ്പനി ബാധയുടെ മറവിൽ കോടികളുടെ മരുന്ന് ഇന്ത്യയിലേക്ക് ഓർഡർ ചെയ്തിരുന്നുവല്ലോ. പക്ഷിപ്പനി ബാധിച്ച് ഇന്ത്യയിൽ ഇതേവരെ ആരും മരിച്ചിട്ടില്ല എന്നതാണ് അമ്പരപ്പിക്കുന്ന വസ്തുത. മരിച്ചുവെന്ന് മാധ്യമങ്ങളിൽ ചില റിപ്പോർട്ടുകൾ വന്നിരുന്നുവെങ്കിലും അവ യാഥാർഥ്യത്തിന് വിരുദ്ധമാണെന്നാണ് പിൽക്കാലത്ത് കണ്ടെത്തിയത്. മറ്റു രോഗങ്ങളായിരുന്നു അവരുടെ യഥാർഥ മരണ കാരണം. നിലവിൽ പന്നിപ്പനി ബാധിച്ച് ചികിൽസ തേടുന്നവരിൽ മിക്കവരും സ്വന്തം ശരീരത്തിന്റെ പ്രതിരോധ ബലം കൊണ്ടു കൂടിയാണ് രക്ഷപ്പെടുന്നതെന്നും ഈ രോഗത്തിന് ലോകത്തൊരിടത്തും ശരിയായ ചികിൽസ ഇന്നേവരെ കണ്ടെത്തിയിട്ടില്ല എന്നതുമാണ് വാസ്തവം.

അമേരിക്കക്ക് മാത്രം വിതരണാവകാശമുള്ള 'ടാമിഫ്ളൂ'വിനെ ദിവ്യൗഷധമാക്കി മാറ്റുന്ന മാധ്യമങ്ങൾ മറച്ചു പിടിക്കുന്ന സത്യങ്ങൾ നിരവധിയാണ്. കച്ചോലത്തിന്റെ നീരിൽ നിന്നും ഉണ്ടാക്കിയെടുക്കുന്ന ഈ മരുന്ന് ആന്റി വൈറൽ ആണെങ്കിൽ അത്തരം നൂറു കണക്കിന് ചെടികളും മരുന്നുകളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. നമ്മുടെ ഉള്ളിയും മഞ്ഞളും വെളുത്തുള്ളിയും ഇഞ്ചിയുമൊക്കെ ഭൂമിയിലുള്ള 'ആന്റി വൈറലു'കളാണ്. ഔഷധസസ്യങ്ങളും പച്ചമരുന്നുകളും വൈറൽ ബാധയെ ചെറുക്കാൻ സഹായിക്കില്ലെന്ന് വിളിച്ചു കൂവുന്ന മരുന്നു ഭീമൻമാരും അവരുടെ ഏജന്റുമാരും തങ്ങളുടെ മരുന്നിന്റെ രഹസ്യം ചൈനീസ് നാട്ടുമരുന്നുകളുടെ ഭാഗമാണെന്ന സത്യം അതിസമർഥമായി മറച്ചു പിടിക്കുന്നു. സ്വന്തം വീട്ടുമുറ്റത്ത് ആർക്കും നട്ടുവളർത്താവുന്ന ഒരു നിസ്സാര ചെടിയിൽ നിന്നാണ് പത്തു ഗുളികകൾക്ക് 2400 രൂപയോളം വിലവരുന്ന ഈ 'മഹാൽഭുതം' അമേരിക്ക വിൽപ്പനക്കു വെച്ചിരിക്കുന്നത്. ഈ അസംബന്ധം ഏറ്റുപിടിക്കുന്ന മാധ്യമങ്ങളെയും ആരോഗ്യ പ്രവർത്തകരെയുമാണ് ചെരുപ്പു കൊണ്ടടിക്കേണ്ടത്. മരുന്നു വിൽപ്പന പോലും ശുദ്ധ രാഷ്ട്രീയമാവുകയാണ്.

രാസായുധങ്ങൾ പോലെ മനുഷ്യൻ ലബോറട്ടറികളിൽ നിർമിച്ച് പുറത്തുവിട്ട ജൈവായുധമാണ് പന്നിപ്പനി എന്നാണ് കരുതപ്പെടുന്നത്. ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ എന്ന മട്ടിൽ രോഗത്തിന്റെ സാമ്പത്തിക ഗുണഭോക്താവിനെ ലോകം സംശയിക്കേണ്ടി വരുന്നു.

ഇന്ത്യ മാത്രമാണ് ഈ പ്രതിസന്ധി ഘട്ടത്തിൽ അമേരിക്കക്ക് ഏതോ പ്രകാരത്തിൽ ചുട്ട മറുപടി നൽകാനൊരുങ്ങുന്നത്. ടാമിഫ്ളൂ എന്ന വ്യാജ മരുന്നിനെ വെല്ലാൻ യഥാർഥ ആന്റി വൈറൽ മരുന്നുമായി ലോകമാർക്കറ്റിലേക്ക് ഇറങ്ങാൻ പോകുന്നത് ഇന്ത്യയാണ്. നാഗ്പൂരിലെയും ദൽഹിയിലെയും രണ്ട് ലബോറട്ടറികളിൽ നടക്കുന്ന ഗവേഷണങ്ങൾ നവംബറോടെ പൂർത്തിയാകുമെന്നാണ് പറയപ്പെടുന്നത്. എത്രത്തോളമെന്നു വെച്ചാൽ 25 ലക്ഷം കോഴിമുട്ടയാണ് ഈ ഗവേഷണങ്ങളുടെ ഭാഗമായി നാഗ്പൂരിലെ പരീക്ഷണശാലയിൽ ആവശ്യമായി വന്നത്. എന്നല്ല മഹാരാഷ്ട്രയിലെയും കർണാടകയിലെയും കേരളത്തിലെയും മാർക്കറ്റുകളിൽ കഴിഞ്ഞ ഏതാനും മാസക്കാലമായി കോഴിമുട്ടക്ക് വാണം പോലെ വില കുതിച്ചുയരുക പോലുമുണ്ടായി. കോഴിമുട്ടയിൽ നിന്നാണ് ഇന്ത്യ മരുന്ന് കണ്ടെത്താനൊരുങ്ങുന്നത്. ഈ വൃത്താന്തം ശരിയാണെങ്കിൽ നവംബറിനു ശേഷം ലോകത്ത് മിക്കവാറും ഈ പനി ഇല്ലാതാവുമെന്ന് പ്രതീക്ഷിക്കാം. ഒന്നുകിൽ യുദ്ധം, അല്ലെങ്കിൽ രോഗം... അമേരിക്കക്ക് കാശുകിട്ടാനുള്ള ഓരോ 'ബഹാന'കളാണ് നമുക്ക് മുമ്പിൽ പൈശാചികാകാരം പൂണ്ട് പ്രത്യക്ഷമാവുന്നത്. ഇത് തിരിച്ചറിയാൻ നമ്മുടെ മാധ്യമങ്ങൾക്ക് കഴിയുന്നതേയില്ല. ■